# നീലോല്പലം

**ഡിജിറ്റൽ മാഗസിൻ 2024**





## പി ഭാസ്കരൻ മെമ്മോറിയൽ

## ഹയർ സെക്കന്ററി സ്കൂൾ

## കൊടുങ്ങല്ലൂർ

# സമർപ്പണം

**നിന്റെ മിഴിയിൽ നീലോല്പലം...**



**കെ.പി. ഹൃദയ് 7 D**

# ആശംസകളോടെ.....................

അക്ഷരങ്ങൾ എന്നും അഗ്നിയാണ് .

ജീവിതത്തിൽ പ്രകാശമേകാൻ ഈ അഗ്നി  വേണം.

ജീവിതത്തിലെ കാഴ്ചകളും കാഴ്ചപ്പാടുകളും

വരച്ചു ചേർത്തു കൊണ്ട്

ഈ വിദ്യാലയത്തിലെ കുട്ടികളും അധ്യാപകരും

രക്ഷിതാക്കളും ചേർന്നൊരുക്കുന്ന

"നീലോല്പലം "

എന്ന ഈ ഡിജിറ്റൽ മാഗസിന്

എല്ലാഭാവുകങ്ങളും നേർന്നു കൊണ്ട് .....

ഹെഡ് മാസ്റ്റർ

സുനിൽ കുമാർ

# അകത്താളിൽ

*ജീവിത യാത്ര കവിത
അസ്ന 7F

*മരിച്ചവരുടെ സ്വപ്നങ്ങൾ
ശാലിനി അധ്യാപിക

* പൂന്തോട്ടം
അനുഭവക്കുറിപ്പ്
പ്രസീദ സോമനാഥ്
രക്ഷിതാവ്

* നീയും ഞാനും
കവിത
നവ്യ മനോജ്
രക്ഷിതാവ്

* മൗനം
കവിത
ലതാ റോസ്
അധ്യാപിക

* അപ്രതീക്ഷിതമായി
കടന്നു വന്നൊരതിഥി
വിനയ
സ്പെഷ്യൽ എഡ്യൂക്കേറ്റർ
കൊടുങ്ങല്ലൂർ ബി.ആർ.സി.

* പ്രിയ സഖി നിനക്കായ്
രാജി ഹരി അധ്യാപിക

* ഇന്നലകൾ :
നവ്യ മനോജ് രക്ഷിതാവ്

* ഞാനിപ്പോൾ കവിയല്ലല്ലോ
ജിഷ കാർത്തിക
അധ്യാപിക

* സംസാരം vs വിശപ്പ്.
മേധ അധ്യാപിക

* അകലങ്ങളിലേക്ക്
അനശ്വര 9E
*ചിത്രങ്ങൾ കൃഷ്ണപ്രിയ. TM 7D

# ജീവിതയാത്ര

**നിഗൂഢതകൾ നിറഞ്ഞ**
**യെൻജീവിതം**
**ഒരു പൊൻ പുലരിയിൽ**
**മാറി മറിയുമ്പോൾ**
**കാർമേഘത്താൽ**
**മൂടപ്പെട്ടയെൻ ജീവിതം**
**മനോവിഷമത്താൽ**
**ഇരുളടഞ്ഞയെൻ ജീവിതം**
**ആനന്ദത്തിലാറാടി**
**വേദനയെന്നാഴിയിൽ**
**മങ്ങിയയെൻ മുഖം**
**മന്ദഹാസത്താൽ തിളങ്ങി**
**ഇനിയൊരു മടക്കമില്ലെന്ന പോൽ**

**അസ്ന 7F**

# മരിച്ചവരുടെ സ്വപ്നങ്ങൾ

മരിച്ചവരുടെ
പട്ടടയിലാണ് മോഹങ്ങൾ
ഏറ്റവും ആർത്തിയോടെ എരിഞ്ഞു കത്തുക.
കനലുകളുടെ വേവിൽ,
വിലാപങ്ങളുടെ ഉച്ചസ്ഥായിയിൽ,
മരിച്ചവർ
ഉറക്കത്തിൽ നിന്നെന്ന പോലെ ഉണരുകയും
പുത്തൻ കുടയും ചെരുപ്പും ധരിച്ച്
സ്വപ്നങ്ങളുടെ സൗരയൂഥത്തിലൂടെ
യാത്ര ആരംഭിക്കുകയും ചെയ്യും.
കുഞ്ഞായിരിക്കുമ്പോൾ സ്വപ്നം കണ്ട
കറങ്ങുന്ന പമ്പരം മുതൽ
ഒരു ശൈത്യസന്ധ്യയിൽ നഷ്ടപ്പെട്ട പോയ
പ്രണയിനി വരെ
അയാളുടെ കുറിപ്പടിയിലുണ്ടാകും.

ഓരോ തെരുവീഥിയിലും
മരിച്ചവർക്കായി തുറന്നു വെച്ച വാണിഭ ശാലകളിൽ നിന്നും
ഓരോന്നും വില പേശാതെ
സ്വന്തമാക്കും.
മരിച്ചാൽ എല്ലാം എത്ര എളുപ്പമെന്നോർത്ത് ജീവനുള്ളവരുടെ യാതനകൾ
കണ്ട് ഉറക്കെയുറക്കെ ചിരിക്കും.

മരിച്ചതിന്റെ ഏഴാം ദിവസം
പൂർത്തീകരിക്കപ്പെട്ട ഓരോ കുഞ്ഞു സ്വപ്നവും
ശവകുടീരത്തിൽ നിന്ന്
പൂക്കളായും തളിരുകളായും
ആനന്ദത്തോടെ ശിരസ്സുയർത്തി നിൽക്കും.

മരിച്ചവരുടെ കുഞ്ഞു കുഞ്ഞു സ്വപ്നങ്ങളാണ്
ജീവിച്ചിരിക്കുന്നവരുടെ പേക്കിനാവുകളായി
പുനർജ്ജനിക്കുക.

ശാലിനി
അധ്യാപിക
പി.ബി.എം.എച്ച്.എസ്.എസ്

## അകലങ്ങളിലേക്ക്

ഒരു സായാഹനത്തിൽ, നിശബ്ദമായ താഴ്വര , അവിടെ ഒരു കൊച്ചു വീട്. ഒരു ടെറിയ ഗ്രാമത്തിലാണ് ആ ലില്ലി എന്ന കൊച്ചു പെൺകുട്ടി വളർന്നത്. തീരാ വേദനയിലും സങ്കടത്തിലും നിറഞ്ഞ ബാല്യമായിരുന്നു . അമ്മമ്മയാണ് അവളെ നോക്കുന്നത്. അച്ഛനും,  ഏട്ടനും, അമ്മയും അമ്മമ്മയെ ഏൽപ്പിച്ച് അകലങ്ങളിലേക്ക് മാഞ്ഞു പോയി. അവളെ അത് ദുഖഃത്തിന്റെ അടിത്തട്ടിലേക്ക് കൊണ്ടു പോയി. അവൾ ആരോടും മിണ്ടുകയോ, നോക്കുകയോ ചെയ്യില്ല. അവൾ ആഗ്രഹിച്ചിരുക്കണം അവളുടെ അവസ്ഥ മറ്റാർക്കും വരരുതെന്ന്. അത്രയ്ക്ക ഇഷ്ടമാണ് അവൾക്ക് അച്ഛനേയും അമ്മയേയും. പള്ളിക്കൂടത്തിൽ അവൾക്ക് കൂട്ടുകാരായി ആരും ഉണ്ടായിരുന്നില്ല. അച്ഛനും അമ്മയുമുള്ള കുട്ടികളുമായിട്ടാണ് അവൾ ഇരിക്കുന്നത്. അതിന്റെ വിഷമമൊന്നും അവളെ തകർത്തില്ല. ലില്ലി അച്ഛനും അമ്മയും വരുന്നതും കാത്ത് കുന്നിൻ മുകളിലിരുന്ന് അകലങ്ങളിലെ പർവ്വതങ്ങളെ നോക്കി  എന്നും ഇരിക്കും.

മഞ്ഞുകാലം മാറി , വേനൽക്കാലം എത്തി. കുട്ടികൾക്ക് സ്കൂൾ അവധിക്കാലം തുടങ്ങി. ലില്ലിയും അതിന്റേതായ സന്തോഷത്തിൽ കളിച്ചു നടക്കുകയാണ് . അവൾ പാടത്തിനരികിലൂടെ നടന്ന് ചാലുകളിൽ കളിച്ച്, കുളവക്കത്തിരുന്ന് മീനുകൾക്ക് തീറ്റ കൊടുത്തും ചിലവിട്ടു. ഒരു ദിവസം അമ്മമ്മ അവളോട് കടയിൽ പോയി വരാൻ പറഞ്ഞു. യാതൊരു മടിയും കൂടാതെ അവൾ കടയിലേക്ക് പോയി.ഒരു കുന്ന് കഴിഞ്ഞ് ഒരു താഴ്വരയിലാണ് കട.  അവൾ ആ നീണ്ട പാതയിലൂടെ നടന്നു. എന്തൊക്കെ കാര്യങ്ങൾ അമ്മമ്മ ചെയ്തു കൊടുത്താലും അവളുടെ സങ്കടങ്ങൾ കുറയുന്നില്ല.

താഴ്വരയിലെത്തിയപ്പോൾ ഒരു വലിയ കാർ അവളുടെ കഅടുത്ത് വന്ന് നിന്നു. അതിൽ ഒരു ആൺകുട്ടിയുണ്ടായിരുന്നു. അവൻ വഴി ചോദിച്ചു. അളുടെ വീടിന്റെ തൊട്ടടുത്താണ്  അവന്റെയും വീട്. ഒരു ദിവസം രാവിലെ അവൻ അവളെ കണ്ടു. അവന്റെ പേരാണ് പീറ്റർ. കുറച്ചു നാളുകൾക്കു ശേഷം അവർ വളരെ നല്ല സുഹൃത്തുക്കളായി മറി.  വിട്ടുപിരിയാൻ കഴിയാതത്രയും. ലില്ലിയുടെ വിഷമങ്ങളും വേദനകളും അവൾ അവനോട് പറഞ്ഞു. ലില്ലീക്ക് അറിയാത്ത മറ്റൊരു കാര്യമാണ്ടായിരുന്നു. അവൾക്ക് ഒരു ഏട്ടനുള്ള കാര്യം. പിഞ്ചുകുഞ്ഞായിരുന്ന .സമയത്താണ് അവൾ ഏട്ടനെ കണ്ടത്. അവളുടെ മുന്നിൽ ഇത്രയും നാളായിച്ചുള്ളത് അവളുടെ ചേട്ടനാണ്. അവളുടെ ഒരോ ഇഷ്ടവും അനിഷ്ടവും അവനറിയാം. തന്റെ അച്ഛനും അമ്മയും ഒരു കാർ അപകടത്തിൽ മരിച്ചു പോയി എന്ന വാർത്ത അമ്മമ്മയ്ക്കും അനിയത്തിക്കും അത് സഹിക്കില്ല എന്നവന് അറിയാം. പീറ്ററിന് ഒരു ശീലവും ഉണ്ടായിരുന്നു. ഡയറി എഴുതുന്ന ശീലം , അവൻ എല്ലാം എഴുതി സൂക്ഷിക്കും. രണ്ടുപേരും കുന്നിൻ മുകളിലിരുന്ന് അവരുടെ ആഗ്രഹവും പറഞ്ഞു. ലില്ലിയുടെ ആഗ്രഹം കേട്ട് അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അച്ഛനേയും അമ്മയേയും ഒരു നോക്ക് കാണുവാൻ അവൾ കൊതിക്കുന്നു. അച്ഛനേയും അമ്മയേയും ഒരു നോക്ക് കാണുവാൻ സാധിക്കുമെന്ന് കരുതി അവൾ കാത്തിരിക്കുന്നു.........

നന്ദ കൃഷ്ണ 10 H

# പൂന്തോട്ടം

-------------------
പൂന്തോട്ടമാണ് ഒരു
വീടിന്റെ ഐശ്വര്യം.
പൂന്തോട്ടം ഒരു
പ്രകൃതിരമണീയമായ
സ്ഥലമാണ്. വായുവിലെ
ഓക്സിജൻ, തുറസ്സായ
സ്ഥലത്തെ മുഴുവൻ
നിറഞ്ഞൊഴുകുന്ന
സൂര്യപ്രകാശം,
പൂക്കളിൽ നിന്നുള്ള
മധുരഗന്ധം,
പക്ഷികളുടെ ചിലയ്ക്കൽ
എല്ലാം കൂടിച്ചേർന്ന്
മനുഷ്യമനസ്സിൽ
മാന്ത്രികവും
ചികിത്സാപരവുമായ ഒരു
കാഴ്ച
സൃഷ്ടിക്കുന്നു.ഇക്കാലത്ത്
അധികം വീടുകൾ
പൂന്തോട്ടത്താൽ
അനുഗ്രഹീതമല്ല.

എന്നാൽ ഒരാൾക്ക് ജീവിതം
നയിക്കണ മെങ്കിൽ സ്വന്തം
വാസസ്ഥലത്തിനായി ഒരു
പൂന്തോട്ടം ലഭിക്കുന്നതായി
പരിഗണിക്കണം. തിരക്കേറിയ
ജീവിതത്തിൽ നാം ടെൻഷന
ടിക്കുമ്പോൾ വിടർന്ന്
നിൽക്കുന്നപൂവിനെ ദർശിക്കു
മ്പോൾ നമുക്ക് മനസന്തോഷം
ലഭിക്കുന്നു
പ്രകൃതി നൽകിയ
വരദാനങ്ങളിൽ ഒന്നാണ്
പൂന്തോട്ടങ്ങൾ .
പൂന്തോട്ടങ്ങളെയും അതിലൂടെ
പ്രകൃതിയെയും കാത്തുസംരക്ഷി
ക്കേണ്ടത് മാനവരാശിയുടെ
കർത്തവ്യമാണ്.

പ്രസീദ
സോമനാഥ്
രക്ഷിതാവ്.
ശ്രേയ
സോമനാഥ് 8B

നീയും ഞാനും
നിറമാർന്ന പൂവിനെ
നോക്കി നിന്നാൽ
ആയിരം കവിതകൾ
വിരിയുന്നു മനസ്സിൽ
നീ എന്ന പൂവും
ഞാൻ എന്ന മിഴികളും
മാത്രമേ ലോകമെങ്കിൽ
ആഹാ!

## മൗനം

കാലത്തിൻ ചിറകൊച്ച കേൾക്കുന്നു ഞാൻ
മൗനരോഷത്തിൻ മുരൾച്ചയും വിതുമ്പലും.
അന്തരാത്മാവുതൻ ധർമ്മച്ചുഴിയിൽ
എൻ മനസ്സാക്ഷിയും നീന്തിക്കുഴയുന്നു.
വ്യർത്ഥമാം ചിന്തകൾ തൻ ആഴിയിൽ എൻമനം
മുങ്ങിതുടിക്കുന്നു,ഒരിറ്റു പ്രാണശ്വാസത്തിനായ്.
ഹരിയാനയോ,മണിപ്പൂരോ,നിർഭയമാർ നിരവധി
പുനർജനിക്കുന്നു, നാടിന്റെ വിങ്ങലായ്,തേങ്ങലായ്.
തച്ചുടയ്ക്കപ്പെട്ട പെണ്ണിന്റെ ദൈന്യത
ഭാരതാംബ തൻ നെഞ്ചിലെ പൊള്ളുന്ന നോവോ?
അനുഭവപ്പെരുമഴതൻ നേർകാഴ്ചയ്ക്കപ്പുറം
ഒന്നുമേ തിരിയാത്ത മനുജരായ് മാറിയോ?
വാർത്തകൾക്കപ്പുറം ചിന്തിച്ചുപോകവേ
തളരുന്നു ഞാനും ഹാ.... സ്ത്രീയായ് ജനിച്ചുപോയ്.
തെറ്റേത്,ശരിയേത് എന്ന മനോഗതം
കലഹമായ് നിറയുന്നെൻ പ്രവൃത്തിപഥങ്ങളിൽ.
നിരത്തുകളിൽ പന്താടുന്ന നഗ്നമാം സ്ത്രീശരീരങ്ങൾ
ഓർമ്മപ്പെടുത്തുന്നു,
സമയമായ്... വെടിയുക മൗനം.
ഇല്ല തളരില്ല ഞാൻ,തകരില്ല എന്നിലെ സ്ത്രീത്വം..
വീണ്ടുമോർമ്മപ്പെടുത്തുന്നു,വെടിയുക മൗനം.
ഉണരൂ...,ഉയിർത്തെണീക്കൂ സധൈര്യം സോദരി..
പ്രതികരിക്കൂ ശക്തമായ്....ഉയരട്ടെ ശിരസ്സും കരങ്ങളും.

ലത റോസ്

അധ്യാപിക
പി.ബി.എം.എച്ച്.എസ്.എസ്

## അപ്രതീക്ഷിതമായി കടന്നുവന്നൊരതിഥി

പതിവ് പോലെ സ്കൂളിൽ എത്തി...... കുട്ടികളും ഒത്തുള്ള തിരക്കുകൾക്കിടയിൽ... എന്റെ കണ്ണ് അഭിനദ് എന്ന കുട്ടിയെ പരതുക ആയിരുന്നു....അങ്ങനെ ആ കുട്ടിയെ ശ്രദ്ധിക്കുവാൻ കാരണം ഉണ്ടായിരുന്നു..... അവൻ ഒരു സാധാരണ കുട്ടി ആയിരുന്നില്ല..... എന്നാൽ ചില അവസരങ്ങളിൽ മറ്റുള്ള കുട്ടികളെക്കാൾ സാമർഥ്യം
കാണിക്കുന്ന മിടുക്കനായ കുട്ടി........ പക്ഷെ കുറച്ചു ദിവസങ്ങളായി......അവൻ എല്ലാവരെയും വിഷമത്തിലാക്കുന്നു.... കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി അവൻ വീട്ടിൽ നിന്നും ഇറങ്ങിയാൽ സ്കൂളിൽ എത്താറില്ല..... അവൻ നേരെ ഒരു ഓട്ടോ വിളിച്ചു ചെണ്ട കിട്ടുന്ന സ്ഥലത്തു ചെന്ന് ചെണ്ടയും വാങ്ങിച്ചു വീട്ടിൽ എത്തുമ്പോഴാണ് അവർ അറിയുന്നത്....... ഓരോ പ്രാവശ്യവും 600 ഉം 700ഉം രൂപയാണ് അവർ കൊടുക്കേണ്ടി വരുന്നത്..... അത് മാത്രമോ.....അവൻ എവിടെ ആണെന്ന് അറിയാതെ.... എല്ലാ സ്ഥലവും അവനെ തേടി യുള്ള അലച്ചിലും...
...... ഒരു ദിവസം അവൻ ഇതു പോലെ ചെണ്ടയും ആയി ഓട്ടോയിൽ വന്നു ഇറങ്ങിയപ്പോൾ.. അയല്പക്കത്തുള്ള ചേച്ചിമാർ അമ്മയോടും അച്ഛനോടും പറഞ്ഞു ......". അവനെ മുറിയിൽ പൂട്ടിയിടു...... അതാ നിങ്ങള്ക്ക് നല്ലത്.."....ഒന്ന് രണ്ട് തവണ അമ്മ വിഷമം സഹിക്ക വയ്യാതെ അവനെ ആ ചെണ്ട കോല വാങ്ങിച്ചു നന്നായി അടിച്ചു.. അപ്പോഴും അവൻ പറഞ്ഞിരുന്നത്... "അമ്മേ എനിക്കു ചെണ്ട വേണം.".... അന്നന്നത്തെ വീട്ടിലെ ചെലവ് എങ്ങനെയോക്കെയോ നടന്നു പോവുന്ന കുടുംബം.

ഇന്ന് 10.30 ആയിട്ടും അവനെ സ്കൂളിൽ കാണാഞ്ഞു.... ഞാൻ അമ്മയെ വിളിച്ചു... അങ്ങേ തലക്കൽ അമ്മയുടെ എങ്ങലടിച്ചുള്ള നിലവിളി...... ഞാൻ ഞെട്ടി..... എന്തുപറ്റി.... അഭി.. എവിടെ..... അമ്മയുടെ ശബ്ദത്തിൽ സങ്കടവും ദേഷ്യവും കൊണ്ട് അവർക്കു ഒന്നും സംസാരിക്കാൻ കഴിയുന്നില്ല...... ടീച്ചറെ അവൻ രാവിലേ സ്കൂളിലേക്ക് പോന്നതാണ്....... അവിടെ വരാതെ ഓട്ടോയും വിളിച്ചു പുല്ലറ്റ് ഏതോ ഒരു സ്ഥലത്തു നിന്നും ചെണ്ടയും നാലു ചിഞ്ചിളയും കൊണ്ട് വന്നിരിക്കുന്നു.... 670 രൂപ കൊടുക്കണം എന്ന്.... ഞാൻ എന്ത് ചെയ്യും ടീച്ചറെ...... അച്ഛൻ അറിഞ്ഞാൽ അവനെ അടിക്കും...... ഞാൻ ഓട്ടോ ചേട്ടനും ആയി സംസാരിച്ചു....... ചെണ്ട തിരിച്ചു കൊണ്ട് കൊടുക്കാം എന്ന് പറഞ്ഞു.... ചെണ്ടയുടെ കാശ് മാത്രം മതി എന്ന് പറഞ്ഞു.....

പക്ഷെ ഇതൊന്നും ഒരു പരിഹാരം ആവില്ലല്ലോ.... ഞാൻ ചിന്തിച്ചു..... എനിക്ക് അറിയാവുന്ന ചെണ്ട വാടകക്ക് കൊടുക്കുന്ന ബേബി ചേട്ടനെ വിളിച്ചു.... കാര്യങ്ങൾ എല്ലാം സംസാരിച്ചു..... ചേട്ടൻ പറഞ്ഞു "ഞാൻ നോക്കട്ടെ ...എന്തെങ്കിലും വഴി ഉണ്ടോന്നു ..ടീച്ചറെ വിളിക്കാം.."....2മണിക്ക് ചേട്ടന്റെ വിളി വന്നു...... ടീച്ചറെ... ചെണ്ട റെഡി ആണാട്ടോ .... വന്നു കൊണ്ടൊക്കുള്ളൂ."....അങ്ങനെ ചെണ്ടയും ആയി ഞാൻ അഭിയുടെ വീട്ടിലെത്തി..... ജീവിതത്തിൽ ഇന്നേ വരെ അനുഭവിച്ചിട്ടില്ലാത്ത ഒരു സന്തോഷം..... അഭിയ്ക്കു സ്വന്തം ആയൊരു ചെണ്ട...... അവന്റെ കയ്യിൽ ആ ചെണ്ട കൊടുക്കുന്ന നിമിഷം.... അവന്റെ ആ ചിരി.....അഭിയുടെ ജീവിതത്തിൽ അവൻ പ്രതീക്ഷിക്കാതെ

**കടന്നു**
**വന്നഅതിഥി......അമ്മയുടെ കണ്ണിൽ**
**കണ്ട ആശ്വാസത്തിന്റെ കണ്ണ്**
**നീര്........ഞാൻ ദൈവത്തിന് നന്ദി**
**പറഞ്ഞു...... അവിടെ നിന്ന് ഇറങ്ങുമ്പോൾ**
**എന്തൊക്കെയോ നേടിയപോലെ...**
**ലോകം കീഴടക്കിയ സന്തോഷം........**

**വിനയ ഏ എസ്**
**ബി ആർ സി കൊടുങ്ങല്ലൂർ**
**(പി ബി എം ജി എച് എസ്)**
**കൊടുങ്ങല്ലൂർ**

**വിനയ**
**സ്പെഷ്യൽ എഡ്യുക്കേറ്റർ**
**പി.ബി.എം.എച്ച്.എസ്.എസ്**

പ്രിയ സഖീ നിനക്കായ് .....

അറിവിൻ വിഹായസിൽ നീന്തി തുടി ക്കുമ്പോൾ
അഴലേതുമില്ലെന്നരുമ സഖി ചൊല്ലവേ അരികത്തിരുന്നവൾ മന്ത്രിച്ചു കാതിലായ്
അറിയാതെ പോയൊരെൻ സങ്കല്പ സൗധങ്ങൾ
വിറയാർന്ന കൈകളാൽ വ്യഥയേതു
മില്ലാതെ
വിതുമ്പുന്ന ചുണ്ടുകൾ വാർതിങ്കളാക്കി
വേപഥുവോടെ ഞാൻ ചാരതണയുകിൽ വിരിയില്ലേ നിന്നിലാ മൃദു മന്ദഹാസവും
കാലത്തിൻ കരാള ഹസ്ത ത്തിൽ നീ പതിക്കെ
കണ്ടു ഞാൻ നിൻ മുഖം പിന്നെയും പിന്നെയും
കാർമുകിൽ മേഞ്ഞൊരാ കാലമാം ഇടനാഴി
കാത്തുവെച്ചീടും കൊഴിഞ്ഞ സ്വപ്നവും കിളികൊഞ്ച
ലുകളും
മഴമുകിൽ വർണ്ണങ്ങൾ വാരി വിതറട്ടെ
മമസഖീ നീ തന്ന സ്നേഹമാം മുത്തുകൾ .......

രാജി ഹരി
**അധ്യാപിക**
**പി.ബി.എം.എച്ച്.എസ്.**

## ഇന്നെലകൾ

മഴത്തുള്ളി പുണർന്ന
മണ്ണിന്റെ ഗന്ധം...
അറിയാതെ മിഴികളെ
ഈറനാക്കി.....
നിവർത്താത്ത കുടയുമായ്
ഓടിത്തീർത്തെന്റെ മഴയിൽ
കുതിർന്നൊരു ബാല്യകാലം......
അറിയാതെ കടന്നുപോയ ഇന്നലകളെ
സുന്ദരമാക്കുന്ന എന്റെ ഇന്നുകൾ
ഇന്നുകളില്ലെങ്കിൽ...
ഇത്രയും മനോഹരമാകുമോ ഇന്നലെകൾ....

**നവ്യ മനോജ് 8B**
**Gautham's mother**

ഞാനിപ്പോൾ കവിയല്ലല്ലോ!
.......................................................

നീ ഭയപ്പെടേണ്ട
ഞാനിപ്പോൾ
കവിയല്ലാതായിരിക്കുന്നു.
മിന്നാമിന്നിച്ചെടിയെ കാണുമ്പോൾ
പാഞ്ഞെത്തുന്ന ശലഭം പോൽ
നിൻ്റെ സാമിപ്യത്തിലേക്ക്
ഞാനിനി ഓടിയെത്തില്ല.

വേനലിൽ പൊട്ടിച്ചിരിക്കുന്ന
ബോഗൻ വില്ലതന്നെ ഞാൻ,
നിൻ്റെ ദർശന ച്ചൂടാൽ
പൂത്ത് പൂത്ത്!

നീ ഒട്ടും ഭയപ്പെടേണ്ട
ഞാൻ കവിയേയല്ല

പണ്ടത്തെപ്പോലെ നിൻ്റെ
പാട്ടു പാടാൻ  വിരൽക്കമ്പികൾ
വീണ മീട്ടാറേയില്ല,
അവർ പതം പറയാറുമില്ല
ഞാനിപ്പോൾ കവിയല്ലല്ലോ!

നോക്കൂ ....!
പൂക്കളുടെ ജഡം രുത്ത് ഉദ്യാനം
പരിപാലിക്കയാണിപ്പോൾ,
പ്രണയം ചുരത്തുന്ന
പൂക്കളിൽ ഒരു ശലഭമായ് .

നിൻ്റെ സ്മൃതി പോലുമില്ലിപ്പോൾ
എന്നെക്കാണുമ്പോൾ
നീ ഭയക്കുകയേ വേണ്ട
ഞാനിപ്പോൾ കവിയേയല്ല

എൻ്റെയുള്ളിലിരുന്ന്
പാടിയിരുന്ന പൂങ്കുയിലിനെ
പുറത്തേക്കിറക്കി ഉദ്യാനത്തിൽ
തടവിലിട്ടിരിക്കയാണ്
പൂക്കൾ നിറയെ ചിരിക്കുന്നുണ്ട്,

ഞാനിപ്പോൾ നിൻ്റെ പാട്ട്
കേൾക്കാറേയില്ല

ഞാൻ പാടാറുമില്ല
കാറ്റേ, കടലേ, കസ്തൂരിമാനേ
നിങ്ങളാരും ഭയപ്പെടേണ്ടതില്ല.

ഞാനിപ്പോൾ കവിയേയല്ല
**ജിഷ കാർത്തിക**
**അധ്യാപിക**
**പി.ബി.എം.എച്ച്.എസ്.എസ്**

Catalysts...

സംസാരം Vs വിശപ്പ്?

Nonstopആയി ഇങ്ങനെ
സംസാരിക്കുന്നതിന് അവാർഡ് ഉണ്ടോ ?
എങ്കിൽ അതിന് അർഹയായവൾ
കലാതല്പര, കവിമനം ഒക്കെ ആവുക
എന്നത് അത്ഭുതമോ?
അനന്തമജ്ഞാതമവർണ്ണനീയം ഈ
ലോകഗോളം.... എന്നല്ലേ? അപ്പോ നമ്മുടെ
മനുഷ്യഗോളം.... അനുപമം,
അവർണനീയം!
നാവ് ഒരു മണിക്കൂർ പുഴയൊഴുക്കിയാൽ
വിശപ്പ് ഉണരുമത്രെ. അങ്ങനെ വിശന്നു
പൊരിഞ്ഞാൽ?
ദാ ഇത്രയേ ഉള്ളൂ സംഭവം..
"ചായ വേണോ " എന്ന് ഹോട്ടലുകാരൻ.
"എന്താ സംശയം എനിക്ക് ചായ തന്നെ"
എന്ന് Non...
ദാ ചായ എന്ന് നിമിഷങ്ങൾക്കകം
ഹോട്ടലാള്.
" ചായയോ,എനിക്ക് കാപ്പി അല്ലേ
പറഞ്ഞത്? ചായ എനിക്ക് പുറത്തുന്ന്
കഴിക്കുന്നത് ഇഷ്ട മേയല്ല " .
സംസാരം കൊണ്ടുപിടിച്ചാൽ വിശപ്പ്
കത്തിയാളുന്ന Nonസ്റ്റോപ്പിന് വേണ്ടി ഒരു
ഹോട്ടൽ കണ്ടെത്താൻ പണിപ്പെട്ട
ഡ്രൈവിംഗ് faculty Cum
സഹപ്രവർത്തകൻ്റെ
ചിരിക്കുടുക് തെറിക്കുന്ന തിളച്ച വാചകം "
ഇനി സംസാരിക്കേണ്ട. ഹെൻ്റെ പൊന്നോ.
വിശന്നാൽ ഹൃദയം തണുക്കുമത്രേ.
തണുത്തതിനെ ഉണർത്താൻ ചൂട്ട
'ചായക്കാപ്പി' തന്നെ വേണമത്രെ."
പടച്ചതമ്പുരാനെ, ചുടുകാപ്പിയിൽ ഉണർന്ന
ഹൃദയം വീണ്ടും നാവിനെ ഉണർത്തി
വിട്ടാൽ...?
എന്ന് കൂടെയുള്ളവർ.

"എനിക്ക് വേണ്ടി വാങ്ങിയ വണ്ടി
ഹസ്ബൻഡ് സ്വന്തമാക്കി എന്നിട്ട് ഫുൾ
കറക്കത്തില്" എന്ന് Non stop. എങ്ങനെ
കറങ്ങാതിരിക്കും വീട്ടിലിരുന്നാൽ ഉണരുന്ന
വിശപ്പ ഗോളത്തെ അടക്കാൻ ചായയെ
കാപ്പിയാക്കുന്ന ഹോട്ടൽ അന്വേഷിച്ച്
ലോകം മുഴുവൻ കറങ്ങണ്ടേ ?അതിന് സ്കൂട്ടർ
പോരല്ലോ എന്ന് സഹ... യുടെ ആത്മഗതം.

ചിരിയുടെ കുടുകുകൾ പൊട്ടിത്തെറിച്ച്
വീണ പാട്ടുകൾ ഹൃദയത്തിൽ നിന്ന്
മായുന്നതെങ്ങനെ?

NB. യാത്രNonstop നൊപ്പമെങ്കിൽ
കൂടെ വേണം സഹപ്രവർത്തകൻ Cum
Driving faculty.
(കൂടെയുള്ളവർക്കും വിശക്കാൻ )
Catalyst_ ചിരി.

മേധ
അധ്യാപിക
പി.ബി.എം.എച്ച്.എസ്.എസ്

# കാഴ്ച

"കുക്കൂ ആ പച്ചക്കറികൾ ഒന്ന് അരിഞ്ഞ് വച്ചേ" കുക്കുവിന്റെ അമ്മ ഉറക്കെ വിളിച്ച് പറഞ്ഞു. "ആ അമ്മേ" കുക്കു മറുപടിയും കൊടുത്തു.

കുക്കു ഒരു നാട്ടിൻപുറത്ത് ജനിച്ച കുട്ടിയായിരുന്നു.അവൾക്ക് ഒരു അമ്മ മാത്രം ആയിരുന്നു ഉണ്ടായിരുന്നത്.അധികം ആർഭാ-ടം ഒന്നും ഇല്ലാതെ ജീവിക്കുന്ന ഒരു കൊച്ചുകുടുംബം.കുക്കുവിന്റെ യഥാർത്ത പേര് നവനീത എന്നാണ്. അവൾ പ്ലസ്ടു കഴിഞ്ഞിരി-
ക്കേണ് പെട്ടെന്ന് ഒരു ദിവസം അവൾട അമ്മ ഒന്ന് കുഴഞ്ഞ് വീണു.അവിടെ ഉണ്ടായ ആൾക്കാർ അമ്മയെ എടുത്ത് ആശപത്രി
-യിൽ കൊണ്ടുപോയി. അപ്പോ ഡോക്ടർ പറഞ്ഞു അവരുടെ അരയ്ക്ക താഴേക്ക് തളർന്ന് പോയീന്ന്. അങ്ങനെ അവർ അമ്മേനെ
വീട്ടീക്കൊണ്ടാക്കീട്ട് കുക്കുനോട് നടന്ന കാര്യങ്ങളൊക്കെ പറഞ്ഞ്. ഇതു കേട്ടപ്പോ അവൾ ഉറക്കേ കരഞ്ഞു. പിന്നെ പിന്നെ കരഞ്ഞിട്ട് കാര്യമില്ലെന്ന് നമസ്സിലാക്കി അമ്മയെ നോക്കാൻ തുടങ്ങി. അങ്ങനെ അവൾ അവൾട പഠിപ്പൊക്കെ നിർത്തി ജോലിക്ക് പോകാൻ തുടങ്ങി. പക്ഷേ അവൾ അവളുടെ സാഹചര്യങ്ങളൊക്കെ അറിഞ്ഞ് നന്നായി പഠിക്കുന്ന കുട്ടിയായിരുന്നു.

അങ്ങനെ ഇങ്ങനെ കുറേ വർഷങ്ങൾ കടന്നുപോയി. അവൾ അവളുടെ ഉള്ളിലുള്ള ആഗ്രഹങ്ങൾ മാറ്റിവച്ച് അമ്മനെ നോക്കാൻ കുറേ കഷ്ടപ്പെട്ട്. അങ്ങനെ ഒരിക്കൽ അവൾ പണ്ട് ജോലിക്ക് വേണ്ടി കൊടുത്ത ഒരു ഫോം കൊണ്ടു ഒരു ജോലിക്ക് ചാൻസ് കിട്ടി. അവൾ അമ്മക്ക് വേണ്ട മരുന്നുകളും,സാധനങ്ങളുമൊക്കെ ഒരു ആന്റീനെ ഏൽപ്പിച്ച് പോയി. അങ്ങനെ അവൾ ഇന്റർവ്യൂന് പോയി. അവളെ ഇന്റർവ്യൂ ചെയ്യാൻ വന്നത് ഒരു സാറ് ആയി-രുന്നു. ആളെ കണ്ടപ്പോ അവൾട അടിവയറ്റിൽ തുമ്പി പറക്കണ ഒരു ഫീലായിരുന്നു. കാരണം അത് പത്തുമുതൽ പ്ലസ്ടു വരെയുള്ള അവളുടെ ഒരു ഭാഗ്യപ്രണയമായിരുന്നു അവളെ ഇന്റർവ്യൂ എടുക്കാൻ വന്നത്. കുറേ നാളുകൾക്ക് ശേഷം അവനെ കണ്ടപ്പോ അവൾക്ക് ഒരുപാട് സന്തോഷമായി. ഇന്റർവ്യൂ കഴിഞ്ഞ് അവൾ-ക്ക് ജോലിയൊക്കെ കിട്ടി. ഇന്റർവ്യൂ കഴിയാൻ നേരം അവൻ ചോയിച്ചു " നീ എന്റെ സ്കൂളിൽ പഠിച്ച കുട്ടിയായിരുന്നില്ലേ". അതും
കൂടി കേട്ടപ്പോ അവൾക്ക് അവളുടെ സന്തോഷം അടക്കാൻ സാധിച്ചില്ല. അങ്ങനെ അവൾ ജോലിക്ക് കേറി. അവളുടെ അമ്മട
കാര്യം നോക്കി രാവിലെ തന്നെ ജോലിക്ക് പോയി വൈകുന്നേരം തിരിച്ച് വീട്ടിൽ വരും. അതിന്റെ എടക്ക് അവൾക്ക്
അവനെ ശ്രദ്ധിക്കാൻ നേരം കിട്ടിയില്ല.

അങ്ങനെ ഒരു ദിവസം അവൾ ചെയ്ത ഒരു കാര്യത്തിൽ എന്തോ തെറ്റ് ഉണ്ടെന്ന് പറഞ്ഞ് അവൻ അവളെ വിളിപ്പിച്ചു. പക്ഷേ അതിൽ തെറ്റ് ഒന്നും ഉണ്ടായില്ല. അന്ന് അവളെ ഇന്റർ-വ്യൂന് കണ്ടപ്പോതന്നെ അവന് ഇഷ്ടായി. അവളോട് ഈ ഇഷ്ടം പറയാനാണ് അവളെ വിളിപ്പിച്ചത്. അവൻ അത് ഒരു പേടിയുമില്ലാതെ അവളുടെ മുഖത്ത് നോക്കി പറഞ്ഞു. പെട്ടെന്ന് അവൾക്ക് അതൊരു ഞെട്ടലായിരുന്നു. പിന്നെ അവളുടെ വീട്ടിലെ അവസ്ഥ ആലോചിച്ച് വേണ്ടെന്ന് വെച്ചു. പക്ഷേ ഈ ഒരു നിമിഷത്തിന് വേണ്ടിയാണ് അവൾ കാത്തിരുന്നത്. പക്ഷേ ആ കാത്തിരിപ്പിന് ഒരു ദുഃഖം നിറഞ്ഞ ഒരു അവസാനമാണ് വിധി നിശ്ചയിച്ചത്. അവൾ ആരോടും പറയാതെ വച്ച അവളുടെ ആ ആഗ്രഹം നടന്ന് വന്നപ്പോൾ ഒരു കൊച്ചുകാരണം കാരണം അത് മുളയോടെ പറച്ചു കളയേണ്ടി വന്നു.

അനശ്വര

നീയെ
ഓർക്കുമാ സുഖമേറിയ നിമിഷങ്ങൾ എത്രമേൽ മനോഹരമായിരുന്നു.
നീ എന്റെ അരികത്ത് വന്നു നിൽക്കവേ
ഏറെയധികം സംതൃപ്തനായിരുന്നു ഞാൻ.
കളങ്കമില്ലാത്ത സ്നേഹമെന്തെന്ന്
നീയെന്നെ അറിയിച്ചു.
എന്നിൽ ഓരോ നിമിഷവും
കുളിർമ്മയുള്ളതാക്കിയതിന് നന്ദി.

**9E**

**നയന്തിക**

# കുഞ്ഞിമണി

മൃദുലമാണവളുടെ മേനി
പൂക്കളേക്കളാൾ സുന്ദരം
മൊഴിയാകെ പടരും ധന്യത
ശ്രോതമേതോ....
വംശമേതോ... തുളുമ്പുന്ന ശാലീനത...
പച്ചയാൽ പകുത്തിട്ട സ്വപ്നങ്ങളിലവളൊരു
മാൻ കിടാവായ് തുള്ളി വന്നിരിക്കെ
ഉള്ളം തുടിച്ചു പോവുന്നു
കെട്ടിവച്ച ചുരുൾമുടി
കോതിയൊതുക്കുവനവൾക്കാരുമേ
ചുറ്റുമില്ലെങ്കിലും
എത്ര ചാരുതയാണവളുടെ
ചിത്രശലഭ ത്തുമുഖം....
വെണ്ണിലാവു പൊഴിക്കുന്ന രാത്രിയിൽ
ഭൂമിയോടലൽപ്പ മാത്രം സ്വകാര്യം
പറയുമവൾ
പാഠപുസ്തകത്താളിലുമ്മ വച്ചമ്മയെ
നോക്കിച്ചിരിക്കുമവൾ
അന്നന്തിയിൽ
മുള്ളുവേലിക്കപ്പുറം
ആരെയോ ചുണ്ടുന്നു....
മേഘങ്ങളെല്ലാം
ഉറ്റുനോക്കുന്നു..
അവളോ ഒറ്റയ്ക്കു പുഴ താണ്ടുന്നു
പച്ചിലത്തുമ്പിൽ
തൊട്ടു പോവുന്ന  കാറ്റ്
ചുണ്ടിലിറ്റിക്കുന്നു
തേൻ പഴച്ചാറ്
എന്തു മധുരമീച്ചാറ്
ജീവിതം പോലെ തന്നെ
മധുവും, മാമ്പൂക്കളും
അവൾക്കായ്
വഴി നിവർത്തുന്നു...
കൂട്ടു പോവുന്നു നാട്ടുചെമ്പകവും
നന്ത്യാർവട്ടവും...
ഇനിയോരോണം വന്നീടുമെന്നറിയുന്ന
തുമ്പക്കുടങ്ങൾ
കുഞ്ഞി മണി പെണ്ണിനൊടൊത്ത്
തൊടി നീളെ പൂക്കുന്നു...

ഒരു പകൽ
ഉടലാകെ വെള്ളപുതപ്പിച്ച
കുഞ്ഞിമണിത്തുമ്പി തൻ
റോസാദളങ്ങൾ കൊതിക്കും
അധരത്തുടിപ്പിൽ
ചോര വാർന്നൊലിക്കുന്നതെങ്ങിനെ
എന്നു ശങ്കിച്ചു പോവുന്നു
അവളുടെ മിഴിക്കോണിൽ
ചാഞ്ഞുക്കിടന്നു
വിറയ്ക്കുന്നു സൂര്യൻ
ഒറ്റമരങ്ങളിൽ
പൂക്കുന്ന വിശ്രുപരാം
രാക്ഷസൻമാർ
രാത്രിഞ്ചരൻമാർ....
രക്തദാഹികൾ
കാമക്കൊഴുപ്പിൻ
വിഴുപ്പു ചുമക്കുന്നവർ..
കണ്ണുകെട്ടി, കൊണ്ടു പോയ നേരം
അവളിറങ്ങി പോകാറുള്ളൊരു കാട്,
കണ്ണുപൊത്തികളിക്കാറുള്ള
കുന്ന്..
മിണ്ടാതെ നിന്നു...
പെട്ടു പോയാരാ ചാവുക്കോലങ്ങളെ...
തീണ്ടാതെ..
തീണ്ടാതെ
ഉച്ചവെയിലിൻ തിരുനെറ്റിയിലൊരു
തെറ്റിപ്പൂവായ് വിടരുവാനാവാതെ...
മിണ്ടാതെ.. മിണ്ടാതെ നോക്കിനിൽക്കെ
കാടിറങ്ങിപ്പോയി.....

പൗർണമി വിനോദ്

കാത്തിരിപ്പ്

2009 ആഗസ്റ്റ് 5, കശ്യമംഗലം എന്ന സ്ഥലത്ത് പള്ളിനട എന്ന ഗ്രാമത്തിൽ അന്ന് ഒരു പെൺകുട്ടി ജനിച്ചു. നാട്ടിലെ എല്ലാവരുടെയും കണ്ണിലുണ്ണിയായ കണ്ണന്റേയും ഭാര്യ പാറുവിന്റെയും മകൾ. കണ്ണന് കൂലിപ്പണിയായിരുന്നു. പാറുവാണേൽ വീട്ടമ്മയും. എന്നാൽ അവർ അവരുടെ മകളെ ഒരു അല്ലലും അറിയിച്ചിരുന്നില്ല. അവളെ അവർ കുഞ്ഞാറ്റ എന്ന് വിളിച്ചു. ചോദിക്കുന്നതും അതിലേറയും നൽകി അവളെ വളർത്തി. വീട്ടിലെ പട്ടിണിയും ദാരിദ്രവും അവളെ ബാധിച്ചിരുന്നില്ല. എല്ലാവരും അവളെ സ്നേഹംകൊണ്ട് മൂടിക്കെട്ടിയിരുന്നു. എന്നാൽ ഇങ്ങനെയൊരു കാലം അവളുടെ ജീവിതത്തിൽ കുറച്ച് കാലമേ ഉണ്ടായിരുന്നുള്ളു......

5 വർഷത്തിനുശേഷം കൃത്യം പറഞ്ഞാൽ 2014 ജൂൺ മാസം, കുടുംബപ്രാരാബ്ധങ്ങളെല്ലാം ഏറിയതിനാൽ അവളുടെ അച്ഛൻ(കണ്ണൻ) ഗൾഫിലേക്ക് പോകുവാനായി തീരുമാനിച്ചു.എന്നാൽ അച്ഛനെന്നാൽ അവൾക്ക് ജീവനായിരുന്നു. അവളുടെ പ്രാണവായു അദ്ദേഹമായിരുന്നു. അയാൾ യാത്രയായി....പിന്നീട് തന്റെ അച്ഛനുവേണ്ടിയുള്ള കാത്തിരിപ്പായിരുന്നു. എന്നാൽ അദ്ദേഹം വളരെ വേഗം നാട്ടിലേക്ക് തിരിച്ചുവന്നു. ഏതാണ്ട് ഒരു വർഷത്തിനുശേഷം.എന്നാൽ അദ്ദേഹം വന്നത് ഒറ്റക്കായിരുന്നില്ല, കൂടെ ഒരു വില്ലൻ കൂടി 'കാൻസർ'. അന്നൊന്നും ഇതിന്റെ പ്രശ്നത്തെപ്പറ്റി അവൾക്ക് വലിയ അറിവൊന്നും ഉണ്ടായിരുന്നില്ല. എന്തോ വലിയ അസുഖമാണെന്ന് ചുറ്റുമുള്ളവർ പറഞ്ഞുകേട്ടതല്ലാതെ അവൾക്കൊന്നും അറിയില്ലായിരുന്നു. എന്നാൽ ഇതിനെ ചികിത്സിക്കാനുള്ള പണം തന്റെ രക്ഷിതാക്കളുടെ കൈവശം ഇല്ലെന്ന് അവൾക്കറിയാമായിരുന്നു. അന്ന് അവളുടെ അമ്മയ്ക്ക് 24 വയസ്സാണ് പ്രായം. അവൾ ജനിച്ചതോട് കൂടിയാണ് നെഴ്സായിരുന്ന അമ്മ ആ ജോലി വേണ്ടെന്നുവച്ചത്.
എന്നാൽ ഇപ്പോൾ തന്റെ ഭർത്താവിനെ ചികിത്സിക്കാനായി തന്റെ പക്കൽ ഒന്നുമില്ല. എന്നാലും ആ സ്ത്രീ കടം വാങ്ങിയും ചെറിയ ചെറിയ ജോലികൾക്ക് പോയും തന്റെ ഭർത്താവിനെ ചികിത്സിച്ചു. അന്ന് മുതൽ നഷ്ടമായതാണ് അവൾക്ക് അച്ഛനേയും അമ്മയേയും. അമ്മയും അച്ഛനും എന്നും ആശുപത്രി മുറികളിലായിരുന്നു. അവൾ അവരെ കാണാറേയില്ല. അവരോട് സംസാരിക്കാറില്ല.
സ്നേഹിക്കാനാരുമില്ലാത്തതിന്റെ വേദന അവൾ മനസ്സിലാക്കി. ഒറ്റയ്ക്ക് പഠിക്കുവാനാരംഭിച്ചു. തന്റെ കാര്യങ്ങളെല്ലാം ഒറ്റയ്ക്ക് ചെയ്യുവാൻ തുടങ്ങി. അങ്ങനെ അവൾ സ്കൂളിലും ക്ലാസ്സിലുമെല്ലാം ഒന്നാം സ്ഥാനത്തെത്തി. എന്നാൽ ഇതൊന്നും കാണുവാനായി അവളുടെ അച്ഛനോ അമ്മയോ ഉണ്ടായിരുന്നില്ല. ക്ലാസ്സിൽ പി.ടി.എ മീറ്റിംഗ് വരുമ്പോൾ ബാക്കിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ വന്ന് അവരുടെ കുട്ടികളെ സ്നേഹിക്കുകയും ശഖാരിക്കുകയും ചെയ്യുമ്പോഴും , തന്നെ ഒന്ന് ശഖാരിക്കാൻ പോലും ആരുമില്ലല്ലോ എന്നോർത്ത് അവൾ കരഞ്ഞിരുന്നു. എന്നാൽ അവൾ ഇതൊന്നും അവളുടെ അച്ഛനേയോ അമ്മയേയോ അറിയിച്ചിരുന്നില്ല. അവർ വിഷമിക്കുന്നത് അവൾക്ക് താങ്ങാൻ കഴിയില്ലായിരുന്നു. പിന്നീടേറെയും തന്റെ അച്ഛൻ ജീവിതത്തിലേക്ക് തിരിച്ചുവരാനുള്ള കാത്തിരിപ്പായിരുന്നു.
നാളുകൾ കടന്നുപോയി.....
വർഷം 2018 ജൂൺ 1-ാം തിയ്യതി. ജൂൺ 2-ാം തിയ്യതിയാണ് സ്കൂൾ തുറക്കുന്നത്. അന്ന് അവൾ അമ്മയുടെ വീട്ടിലായിരുന്നു. അച്ഛന്റെ വീട് ഓലമേഞ്ഞതായതിനാൽ അച്ഛന് അവിടെ താമസിക്കാനാകില്ലായിരുന്നു. അതിനാൽ ആശുപത്രിയിൽ നിന്ന് വന്നുകഴിഞ്ഞാൽ അമ്മയുടെ വീട്ടിലേക്കാണ് പോകാറ്. അദ്ദേഹത്തിന് നാവിലായിരുന്നു കാൻസർ. അതുകൊണ്ട് തന്നെ നാവ് പകുതി മുറിച്ചു കളയേണ്ടി വന്നിരുന്നു. അതുകൊണ്ട് അച്ഛൻ പറയുന്നത് മനസ്സിലാക്കാൻ പ്രയാസ്സമായിരുന്നു. ഈ കാരണത്താൽ തന്നെ അവൾ അച്ഛനോട് അധികം സംസാരിക്കാറു-
മില്ലായിരുന്നു. അച്ഛൻ പറയുന്നത് മനസ്സിലാവില്ല എന്ന് പറഞ്ഞാൽ അദ്ദേഹത്തിന് സങ്കടമാവുമോ എന്ന തോന്നലായിരുന്നു ഇതിനുപിന്നിൽ. എന്നാൽ അന്നത്തെ ദിവസം അദ്ദേഹം അവളോടൊരുപാട് സംസാരിച്ചു.

അവൾക്ക് ഭക്ഷണം വാരിക്കൊടുത്ത് മടിയിൽ കിടത്തിയുറക്കി. കുറേ കാലങ്ങൾക്ക് ശേഷമായിരുന്നു അവൾ അച്ഛന്റെ സ്നേഹം തൊട്ടറിഞ്ഞത്. അവളുടെ മനസ്സ് നിറഞ്ഞു. അവൾ സുഖമായി കിടന്നുറങ്ങി.

പിറ്റേ ദിവസം രാവിലെ അവൾ എഴുന്നേറ്റത് കുറേ അലറിവിളികളും കരച്ചിലുമെല്ലാം കേട്ടിട്ടാണ്. അവൾ കണ്ണുതുറന്നു, അവൾക്കൊന്നും മനസ്സിലായില്ല. മാമനും അപ്പൂപ്പനും അമ്മയും കൂടി അച്ഛനെ ധൃതിയിൽ എടുത്തുകൊണ്ടുപോയി വണ്ടിയിൽ കയറ്റുന്നുണ്ടായിരുന്നു. അമ്മാമ്മ തറയിൽ ഇരുന്ന് കരയുന്നുണ്ട്. അവൾ ഒന്നും മിണ്ടിയില്ല. നാട്ടുകാരെല്ലാം കൂടിയിരുന്നു. അപ്പോഴാണ് അച്ഛൻ കുറേ ശർദിച്ചെന്നും, ഉടനെ തളർന്നെന്നുമെല്ലാം അറിയുന്നത്. അപ്പോൾ ഒന്ന് പേടിച്ചെങ്കിൽ കൂടി ആശുപത്രിയിൽ എത്തി ഇപ്പോൾ കുഴപ്പമൊന്നുമില്ല എന്ന് പറഞ്ഞ് അമ്മ വിളിച്ചപ്പോഴാണ് സമാധാനമായത്.കുറച്ച് കഴിഞ്ഞ് വല്ല്യച്ഛൻ വന്ന് അവളോട് ഉടുപ്പ് മാറ്റുവാനായി ആവശ്യപ്പെട്ടു. അച്ഛന്റെ വീട്ടിലേക്ക് പോകാമെന്നും പറഞ്ഞു. പോകുന്ന നേരം അയൽക്കാരെല്ലാം കരഞ്ഞു. പോകുന്ന വഴിയിൽ വല്ല്യച്ഛൻ ഫോണിൽ ആരോടോ പറഞ്ഞു " ഒരു കൊഴപ്പോം ഇണ്ടാർന്നില്ല പെട്ടെന്നായിരുന്നു. ഞാൻ മോളേംകൊണ്ട്പോവാ. പാറു വയങ്കര കരച്ചിലാണെന്ന് പറയണ്...."

ആ വാക്കുകളിൽ ഒരു 4-ാം ക്ലാസ്സുകാരിയുടെ ബുദ്ധിവെച്ച് അവൾക്കെന്തെക്കയോ മനസ്സിലായി. വീടെത്തി ചുറ്റും ആളുകൾ. എല്ലാവരുടേയും മുഖത്തെ ഭാവം തന്നോടുള്ള ദയയായി അവൾക്ക് തോന്നി. അവൾ വീടിന്റെ അകത്തേക്ക് പ്രവേശിച്ചു. തുമ്പപ്പൂ നിറമുള്ള തുണിയിൽ തന്റെ അച്ഛനെ പൊതിഞ്ഞു വച്ചിരിക്കുന്നു. അദ്ദേഹം കണ്ണടച്ചിരിക്കുന്നു. മേലാകെ തണുപ്പ്. നിർവികാരതയോടെ അവൾ അദ്ദേഹത്തെ നോക്കി. കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊലിഞ്ഞു. അവൾ ആരോടും മിണ്ടിയില്ല. തന്നെ ജീവനുതുല്ല്യം സ്നേഹിച്ച മനുഷ്യൻ താൻ ഇന്നിവിടെ നിൽക്കുന്നതിനു കാരണമായ ആൾ. ഇനിമുതൽ എന്നന്നേക്കുമൊരോർമ്മ.....പിന്നീടൊരു കാത്തിരിപ്പായിരുന്നു തന്റെ അച്ഛൻ ഒരിക്കൽ കണ്ണുതുറക്കുമെന്നും തന്നെ നോക്കുമെന്നും.... വാത്സല്ല്യത്തോടെ ഓരോ ഉരുള ചോറും തനിക്ക് നൽകുമെന്നുമുള്ള കാത്തിരിപ്പ്....


‘ അച്ഛൻ വരും'. അവൾ അവളെ തന്നെ പറഞ്ഞു പഠിപ്പിച്ചു.

**അനശ്വര ബിജേഷ്**
**9 E**




**കീർത്തന. P. D**
**7D**






Krishna Priya 7-D


**മധു മാഷുടെ വരയിൽ പി.ബി എം എസ് എസിലെ അധ്യാപകർ**














# ചങ്ങാതിമാർ

നിരഞ്ജൻ ദിലീപ്

Class – VI B

തോ

അന്നാണ് ആ പ്രാവ് ആദിയുടെ അടുത്തെത്തിയത് . ആ പ്രാവ് കുഞ്ഞായിരുന്നു .ആ കുഞ്ഞു പ്രാവിന് ആദി മിട്ടു എന്ന് പേരിട്ടു .മിട്ടുവിന് ആദി ഗോതമ്പുമണികൾ ഇട്ടുകൊടുത്തു .മിട്ടുവിന് ആദി കൂടുണ്ടാക്കിക്കൊടുത്തു .ഇടക്കൊക്കെ ആദി മിട്ടുവിനെയും കൂട്ടി പുറത്തൊക്കെ പോകുമായിരുന്നു.

കുറച്ചു കാലത്തിനു ശേഷം ഒരു ദിവസം ആദി മിട്ടുവിനെയും കൂട്ടി പുറത്തു പോയപ്പോൾ പെട്ടന്ന് മിട്ടു ആദിയെ വിട്ടു പറന്നു പോയി .ആദിക്ക് വലിയ വിഷമമായി അവൻ ഒരുപാട് കരഞ്ഞു . അച്ഛനും അമ്മയും ചേട്ടനും കൂട്ടുകാരുമെല്ലാം മിട്ടു ഇനി വരില്ലെന്ന് ആദിയോട് പറഞ്ഞു .അവന് വലിയ വിഷമമായി .താൻ ഓമനിച്ചു വളർത്തിയ മിട്ടു തിരിച്ചു വരുമെന്ന പ്രതീക്ഷയോടെ ആദി രാത്രി മുഴുവൻ ഉറങ്ങാതെ വീടിനുപുറത്തു മിട്ടുവുനേയും കാത്തിരുന്നു.

പിറ്റേന്ന് നേരം പുലർന്നപ്പോഴേക്കും മിട്ടു വളരെ ദൂരം പോയിരുന്നു .അപ്പോൾ ഇത്രയുംകാലം തന്നെ ഓമനിച്ചു വളർത്തിയ കൂട്ടുകാരനേപ്പറ്റി അവനോർമ്മ വന്നു അവൻ തിരികെ ആദിയുടെ അരികിലേക്ക് പോകാനൊരുങ്ങി.


ഇതേ സമയം മിട്ടു ഇനി വരില്ലെന്ന് തോന്നിയ ആദി വിഷമത്തോടെയിരുന്നു. വൈകുന്നേരമായപ്പോൾ വളരെ സങ്കടത്തോടെ ആദി മിട്ടുവിൻ്റെ കൂട് എടുത്തു മാറ്റാനൊരുങ്ങി . ഈ സമയം ആദിയുടെ തോളിൽ ആരോ പിടിക്കുന്ന പോലെ അവനു തോന്നി അവൻ തിരിഞ്ഞു നോക്കിയപ്പോൾ അത് തോളിൽ വന്നിരുന്ന മി ട്ടുവായിരുന്നു അവൻ സ്നേഹത്തോടെ മിട്ടുവിനെ തലോടി. അവൻ സന്തോഷപൂർവം അച്ഛനെയും അമ്മയെയും ചേട്ടനെയും കൂട്ടുകാരെയുമെല്ലാം ഈ വിവരം അറിയിച്ചു .ആദിയുടെയും മിട്ടുവിൻ്റെയും സ്നേഹം കണ്ട് അവർ സന്തുഷ്ടരായി .

********************************************

പ്രേയിങ്ങ് മാന്റിസ് എന്ന് പേരുള്ള ഒരു ഷഡ്പദമുണ്ട്. പല നിറത്തിലും വലുപ്പത്തിലുമൊക്കെ കാണപ്പെടുന്ന ഇക്കൂട്ടർക്ക് മലയാളത്തിൽ കൂപ്പുകയ്യൻ, തൊഴുകയ്യൻ എന്നൊക്കെയാണ് പേരുള്ളത്. ഈ പേരുകേൾക്കുമ്പോൾ ഏതോ ഒരു സാധുജീവിയാണെന്നായിരിക്കും നമുക്കൊക്കെ തോന്നുക. എന്നാൽ ശരിക്കും സ്ഥിതി അതല്ല. കണ്ണിൽ കാണുന്ന എന്തിനെയും ഇവർ വേട്ടയാടും. എട്ടുകാലികൾ, പല്ലികൾ, പുൽച്ചാടികൾ, കുരുവികൾ വേണ്ടിവന്നാൽ ചെറിയ പാമ്പുകളെ പോലും ഇവർ ആഹാരമാക്കാറുണ്ട്. Camouflaging ആണ് പ്രധാനപ്പെട്ട ആയുധം. അതായത് ഒളിച്ചിരുന്നുള്ള ഇരപിടുത്തം. ഇരകളെ കബളിപ്പിക്കാൻ സാധിക്കുന്ന തരത്തിലുള്ള ശരീരഘടന ഇവർക്കുണ്ട്. പച്ചനിറത്തിലുള്ള മാന്റിസുകൾ ഇലകളിൽ വന്നിരിക്കുമ്പോൾ ഇലയേതാ പ്രാണിയേതാ എന്ന് പെട്ടന്ന് തിരിച്ചറിയാൻ സാധിക്കില്ല. അതുപോലെ ഉണങ്ങിയ ഇലകൾ പോലെ തോന്നിക്കുന്ന മാന്റിസ്സുകളും ഓർക്കിഡ് പൂക്കളെ പോലെയുള്ള മാന്റിസുകളും എ...


**Gowri M A**
**8F**

# 10 Bയിൽ പഠിക്കുന്ന ആദിത്യന്റെ വരകൾ

















# ആദിത്യൻ വരച്ച സിനിമാനടന്മാർ









Raniya Rassal
7-B





# Abhishek
# 8-E







# എഡിറ്റോറിയൽ ബോർഡ്

സ്റ്റാഫ് എഡിറ്റർ

ജിഷ സി.ബി

സ്റ്റുഡന്റ് എഡിറ്റേഴ്സ്

ജസ് വിൻ ജോസഫ്

അലോക് സി.എസ്

ഫർഹാനയാസ്മിൻ

തേജാ ലക്ഷ്മി

ഫത്തഹുദ്ദീൻ.കെ.എസ്